**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2941** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഗൗരിയമ്മ സ്മാരക നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | സാംസ്കാരിക വകുപ്പിന് കീഴിൽ കേരളത്തിലുടനീളം 1000 യുവകലാകാരന്മാർക്ക്, ഓരോ കലാകാരന്മാർക്കും പ്രതിമാസം 10,000/- രൂപ നിരക്കിൽ, വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി; ആലപ്പുഴ മണ്ഡലത്തിലും കലാ പരിശീലന ക്ലാസ്സുകൾ നൽകി വരുന്നു. |
| (ബി) | ആലപ്പുഴ ഗൗരിയമ്മ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഗൗരിയമ്മ സ്മാരക നിർമ്മാണം വേഗത്തിൽ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ബി) | കെ. ആർ. ഗൗരിയമ്മയുടെ പേരിൽ സ്മാരകം നിർമ്മിക്കുന്നതിനായി 2021-22 ബജറ്റ് പ്രസംഗത്തിൽ രണ്ടുകോടി രൂപ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്മാരക നിർമ്മാണത്തിന്റെ കോൺസെപ്റ്റ് നോട്ടും ഡിസൈനും തയാറാക്കുന്നതിന് വാസ്തുവിദ്യാഗുരുകുലത്തെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം ഡിസൈനും കൺസെപ്റ്റും തയാറാക്കി സമർപ്പിച്ചിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് തീരദേശ വികസന കോർപറേഷനെ ചുമതലപെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. DPR ലഭ്യമാകുന്ന മുറയ്ക്ക് ഭവനം ഏറ്റെടുക്കുന്നതും സ്മാരക സമിതി രൂപീകരിക്കുന്നതുമായ വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ